**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2485** **12-02-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ നഗരസഭയുടെ ഭൂമി വിട്ടുനൽകുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നഗരസഭ തനത് ഫണ്ട് ഉപയോഗിച്ച് സ്വന്തം നിലയിൽ ആർജ്ജിച്ച ഭൂമി വിവിധ സർക്കാർ പദ്ധതികൾക്ക് വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പിന്തുടരുന്ന നടപടിക്രമങ്ങൾ/ചട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരമാണ് നഗരസഭ ആർജ്ജിച്ച ഭൂമി വിവിധ ആവശ്യങ്ങൾക്കായി വിട്ട് നൽകുന്നത്. |
| (ബി) | പുനലൂരിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനത് കാർഷിക, മലഞ്ചരക്ക് വിഭവങ്ങളും എൻ.എഫ്.എസ്.എ.യുടെ ഭക്ഷ്യധാന്യങ്ങളും കാർഷിക വ്യാവസായിക ഉൽപ്പന്നങ്ങളും സംഭരിയ്ക്കുന്നതിനായി സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഒരു ഗോഡൗൺ പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി 2021 ജൂൺ മാസത്തിൽ നല്കിയ അപേക്ഷയിൽ രണ്ട് വർഷത്തിലധികമായിട്ടും തീരുമാനം എടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷനും മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യാ Ltd-നു 30 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ അനുവദിച്ച നൽകുന്നതിനുള്ള സർക്കാർ അനുമതിക്കായുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടറുടെ 10.03.2023 തീയതിയിലെ DUA/10761/2022 നമ്പർ കത്തിനോടൊപ്പം 16.03.2023 തീയതിയിലാണ് സർക്കാരിൽ ലഭിച്ചത്.<br><br>തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ ആർ.ഇ1/109/2023/ത.സ്വ.ഭ.വ. നമ്പർ ഫയിലാണ് പ്രസ്തുത പ്രൊപ്പോസൽ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. പാട്ടവ്യവസ്ഥയിൽ ഭൂമി അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് ടി ഫയലിൽ റവന്യൂ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ആരായുകയും യഥാക്രമം പ്രസ്തുത വകുപ്പുകളുടെ ടി വിഷയത്തിന്മേലുള്ള അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>മാലിന്യ സംസ്കരണ സംവിധാനത്തിന് ഉൾപ്പെടെയുള്ള നഗരസഭയുടെ വികസനാവശ്യങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിന് പ്രയാസം അനുഭവപ്പെടുന്ന സാഹചര്യത്തിൽ നഗരസഭയുടെ ചുമതലകളിൽപ്പെടാത്ത ആവശ്യങ്ങൾക്ക് ഭൂമി കൈമാറുന്നതിന് മുമ്പ് പുനലൂർ നഗരസഭയിലെ നിലവിലുള്ള മാലിന്യ സംസ്കരണ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ സംബന്ധിച്ചും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന്റെ സാധ്യത സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോടും പുനലൂർ നഗരസഭ സെക്രട്ടറിയോടും ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പുനലൂർ നഗരസഭ സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. |
| (സി) | പ്രസ്തുത അപേക്ഷ സർക്കാരിനു ലഭിച്ച തീയതിയും ആയതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (സി) | പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷനും മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യാ Ltd-നു 30 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ അനുവദിച്ചു നൽകുന്നതിനുള്ള സർക്കാർ അനുമതിക്കായുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടറുടെ 10.03.2023 തീയതിയിലെ DUA/10761/2022 നമ്പർ കത്തിനോടൊപ്പം 16.03.2023 തീയതിയിലാണ് സർക്കാരിൽ ലഭിച്ചത്.<br><br>തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ ആർ.ഇ1/109/2023/ത.സ്വ.ഭ.വ. നമ്പർ ഫയിലാണ് പ്രസ്തുത പ്രൊപ്പോസൽ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. പാട്ടവ്യവസ്ഥയിൽ ഭൂമി അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് ടി ഫയലിൽ റവന്യൂ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ആരായുകയും യഥാക്രമം പ്രസ്തുത വകുപ്പുകളുടെ ടി വിഷയത്തിന്മേലുള്ള അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>മാലിന്യ സംസ്കരണ സംവിധാനത്തിന് ഉൾപ്പെടെയുള്ള നഗരസഭയുടെ വികസനാവശ്യങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിന് പ്രയാസം അനുഭവപ്പെടുന്ന സാഹചര്യത്തിൽ നഗരസഭയുടെ ചുമതലകളിൽപ്പെടാത്ത ആവശ്യങ്ങൾക്ക് ഭൂമി കൈമാറുന്നതിന് മുമ്പ് പുനലൂർ നഗരസഭയിലെ നിലവിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ചും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന്റെ സാധ്യത സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോടും പുനലൂർ നഗരസഭ സെക്രട്ടറിയോടും ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പുനലൂർ നഗരസഭ സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. |
| (ഡി) | കർഷകർക്ക് ഗുണകരമാകുന്ന നിലയിൽ പ്രാദേശിക വിഭവങ്ങളുടെ സംഭരണകേന്ദ്രവും നഗരസഭയ്ക്ക് | (ഡി) | പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷനും മീറ്റ് |

| | | | |
|---|---|---|---|
| | വരുമാനവും ലഭിക്കുന്ന പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനമെടുക്കാത്തതുമൂലം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | പ്രോഡക്ട് ഓഫ് ഇൻഡ്യാ Ltd-നു 30 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ അനുവദിച്ചു നൽകുന്നതിനുള്ള സർക്കാർ അനുമതിക്കായുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടറുടെ 10.03.2023 തീയതിയിലെ DUA/10761/2022 നമ്പർ കത്തിനോടൊപ്പം 16.03.2023 തീയതിയിലാണ് സർക്കാരിൽ ലഭിച്ചത്.<br><br>തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ ആർ.ഇ1/109/2023/ത.സ്വ.ഭ.വ. നമ്പർ ഫയിലാണ് പ്രസ്തുത പ്രൊപ്പോസൽ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. പാട്ടവ്യവസ്ഥയിൽ ഭൂമി അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് ടി ഫയലിൽ റവന്യൂ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ആരായുകയും യഥാക്രമം പ്രസ്തുത വകുപ്പുകളുടെ ടി വിഷയത്തിന്മേലുള്ള അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>മാലിന്യ സംസ്കരണ സംവിധാനത്തിന് ഉൾപ്പെടെയുള്ള നഗരസഭയുടെ വികസനാവശ്യങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിന് പ്രയാസം അനുഭവപ്പെടുന്ന സാഹചര്യത്തിൽ നഗരസഭയുടെ ചുമതലകളിൽപ്പെടാത്ത ആവശ്യങ്ങൾക്ക് ഭൂമി കൈമാറുന്നതിന് മുമ്പ് പുനലൂർ നഗരസഭയിലെ നിലവിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ചും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന്റെ സാധ്യത സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോടും പുനലൂർ നഗരസഭ സെക്രട്ടറിയോടും ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പുനലൂർ നഗരസഭ സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. |
| (ഇ) | നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഈ ആവശ്യത്തിലേക്കായി ഭൂമി വിട്ടുനൽകുന്നതിനുള്ള അനുവാദം എപ്പോൾ നൽകാനാകുമെന്ന് വിശദമാക്കാമോ? | (ഇ) | പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷനും മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യാ Ltd-നു 30 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ അനുവദിച്ചു നൽകുന്നതിനുള്ള സർക്കാർ അനുമതിക്കായുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടറുടെ 10.03.2023 തീയതിയിലെ DUA/10761/2022 നമ്പർ കത്തിനോടൊപ്പം 16.03.2023 തീയതിയിലാണ് സർക്കാരിൽ ലഭിച്ചത്.<br><br>തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ ആർ.ഇ1/109/2023/ത.സ്വ.ഭ.വ. നമ്പർ ഫയിലാണ് പ്രസ്തുത പ്രൊപ്പോസൽ സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. പാട്ടവ്യവസ്ഥയിൽ ഭൂമി അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് ടി ഫയലിൽ റവന്യൂ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ആരായുകയും യഥാക്രമം പ്രസ്തുത വകുപ്പുകളുടെ ടി വിഷയത്തിന്മേലുള്ള അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>മാലിന്യ സംസ്കരണ സംവിധാനത്തിന് ഉൾപ്പെടെയുള്ള നഗരസഭയുടെ വികസനാവശ്യങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിന് പ്രയാസം അനുഭവപ്പെടുന്ന സാഹചര്യത്തിൽ നഗരസഭയുടെ ചുമതലകളിൽപ്പെടാത്ത ആവശ്യങ്ങൾക്ക് ഭൂമി കൈമാറുന്നതിന് മുമ്പ് പുനലൂർ നഗരസഭയിലെ നിലവിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ചും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന്റെ സാധ്യത സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോടും പുനലൂർ നഗരസഭ സെക്രട്ടറിയോടും ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പുനലൂർ നഗരസഭ സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ